**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1740** **16-10-2026-ൽ മറുപടിയ്ക്ക്**

**വനിതാ ശിശു വികസന വകുപ്പിലെ നൂറ് ദിന കർമ്മ പരിപാടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** നൂറു ദിന കർമ്മ പരിപാടിയിൽ വനിതാ ശിശു വികസന വകുപ്പ് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വിശദീകരിക്കുമോ;

**മറുപടി:** നൂറുദിന കർമ്മ പരിപാടിയിൽ വനിത ശിശുവികസന വകുപ്പ് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1) സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക കുറ്റകൃത്യങ്ങളും സ്ത്രീധന പീഡനങ്ങളും മറ്റ് ലൈംഗിക അതിക്രമങ്ങളും തടയുന്നതിനും, ഇത്തരം സ്ത്രീകൾക്ക് സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനുമായി നടപ്പിലാക്കുന്ന അവൾക്കൊപ്പം (മകൾക്കൊപ്പം ) പദ്ധതി.

2)വ്യാവസായിക പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ ആറ് മാസം മുതൽ പ്രായമുള്ള കുട്ടികൾക്കായി നഴ്സറി സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

3) കെ.എസ്.ആർ.ടി.സി ടെർമിനലുകൾ/ഡിപ്പോകൾ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിസ്ഥിതി സൗഹൃദ സാനിറ്ററി പാഡ് വെന്റിംഗ് മെഷീനുകളും പാഡ് ഇൻസിനറേറ്ററുകളും സ്ഥാപിക്കുക.

4)അങ്കണവാടി കുട്ടികൾക്കായി ത്രൈമാസികമായി സംഘടിപ്പിക്കുന്ന ആരോഗ്യ പരിശോധന പദ്ധതിയായ ബാല്യസ്പന്ദനം പദ്ധതി.

5) പീഡനം നേരിട്ട , മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള അവരുടെ വികസനം ഉറപ്പുവരുത്തുന്നതിനുവേണ്ടി കഴിവിനനുസരിച്ചുള്ള തൊഴിൽ പരിശീലനവും ജീവിത നൈപുണ്യവും ലഭ്യമാക്കുവാനുള്ള സ്പെഷ്യൽ നീഡ്സ് ഹോം (നിർഭയ)പദ്ധതി.

6) തിരുവനന്തപുരം ജില്ലയിലെ ചിൽഡ്രൻസ് ഹോമുകളിലേയും തീരദേശങ്ങളിലേയും കുട്ടികൾക്കായി അഭിരുചി പരിശോധന ക്യാമ്പ്.

7) സംസ്ഥാന ശിശുക്ഷേമ സമിതി ആസ്ഥാന മന്ദിരത്തിന്റെ നവീകരണം.

**(ബി)** പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശവും പ്രയോജനങ്ങളും വ്യക്തമാക്കുമോ?

**<u>മറുപടി:</u>** എല്ലാ പദ്ധതികളും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓരോ പദ്ധതിയുടെയും വിശദാംശവും പ്രയോജനങ്ങളും അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

1) അവൾക്കൊപ്പം (മകൾക്കൊപ്പം) പദ്ധതി :- സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക കുറ്റകൃത്യങ്ങളും സ്ത്രീധന പീഡനങ്ങളും മറ്റ് ലൈംഗിക അതിക്രമങ്ങളും തടയുന്നതിനും, ഇത്തരം സ്ത്രീകൾക്ക് സർക്കാരിന്റെ പിന്തുണ ഉറപ്പ് വരുത്തുന്നതിനുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. സ്ത്രീധന, ഗാർഹിക പീഡന പരാതികളുടെ അന്വേഷണ പുരോഗതി കൃത്യമായി നിരീക്ഷിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അതിജീവിതർക്ക് പൂർണ്ണ പിന്തുണ നൽകുന്നതിനും അവരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുമായി ഈ പദ്ധതിയിലൂടെ സാധിക്കുന്നതാണ്.

പലപ്പോഴും അതിക്രമം നേരിട്ട സ്ത്രീകൾക്ക് നീതി ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായും, അതിജീവിതരായ സ്ത്രീകളുടെ പ്രോസിക്യൂഷൻ റേറ്റ് കുറവായുമാണ് കാണപ്പെടുന്നത്. ഇത് പലപ്പോഴും തെളിവിന്റെ അഭാവം മൂലമാണ് സംഭവിക്കുന്നത്. ഇത്തരത്തിൽ തെളിവിന്റെ അഭാവം മൂലം അതിജീവിതർക്ക് നീതി ലഭിക്കാത്ത സാഹചര്യം ഒഴിവാക്കുന്നതിനും **Medico Legal Protocol** ശരിയായ രീതിയിൽ നടത്തുന്നതിനും **Evidentiary Gap** നികത്തുന്നതിനുമായി ആദ്യഘട്ടമെന്ന നിലയിൽ **Public Prosecutors,** പോലീസ് ഉദ്യോഗസ്ഥർ, മെഡിക്കൽ ഓഫീസേഴ്സ്, ഡോക്ടർമാർ, നഴ്സിംഗ് സുപ്രണ്ടുമാർ, ഫോറൻസിക് സയൻസ് ലബോറട്ടറി ഉദ്യോഗസ്ഥർ, **DLSA Advocates,** ജില്ല വനിതാ ശിശുവികസന ഓഫീസർമാർ മുതലായ വിദഗ്ധരെ ഉൾപ്പെടുത്തി ""**Bridging the Evidentiary Gap in Sexual Offences** " എന്ന വിഷയത്തിൽ **3** ദിവസത്തെ **Stake Holders Training and Workshop 2026** ഒക്ടോബർ **5, 6, 7** തീയതികളിൽ നടത്തിയിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ നിയമ വൈദ്യ സഹായം യഥാസമയം ലഭ്യമാക്കുന്നതിനും തുടർ നടപടികളുമായി മുന്നോട്ട് പോകുമ്പോൾ ഇരകൾക്ക് ലഭിക്കേണ്ട നീതി ഉറപ്പാക്കുന്നതിനുമായാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ ട്രെയിനിംങ് നൽകുന്നത്. ഭാവിയിൽ മാസ്റ്റർ ട്രെയിനേഴ്സിനെ ഉപയോഗപ്പെടുത്തി ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിങ് നൽകുന്നതാണ്. പരാതികൾ ലഭിക്കുമ്പോൾ കാലതാമസമില്ലാതെ നിയമപരമായ നടപടികൾ സ്വീകരിക്കാനും നീതി ഉറപ്പാക്കാനും സംവിധാനങ്ങളെ ഇത് സജ്ജമാക്കുന്നു.

2) വ്യാവസായിക പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ കുട്ടികൾക്കായി നഴ്സറി സൗകര്യങ്ങൾ ഏർപ്പെടുത്തൽ :-

- വ്യാവസായിക പാർക്കുകളിലും പ്രധാന പട്ടണങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ കുട്ടികൾക്കായി നഴ്സറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് ജോലിസ്ഥലങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുകയും ഔദ്യോഗിക രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് മൂലം നാടിന്റെ വികസനത്തിന് സ്ത്രീകളുടെ തുല്യ പങ്കാളിത്തം ഉറപ്പു വരുത്താൻ സഹായിക്കുന്നു . രക്ഷിതാക്കൾക്ക് ജോലികളിൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾത്തന്നെ കുട്ടികളുടെ സുരക്ഷിതമായ പരിപാലനം ഉറപ്പുവരുത്താൻ സാധിക്കുന്നു.
- ജോലിസ്ഥലങ്ങളിൽ കുട്ടികളുടെ സുരക്ഷയെക്കുറിച്ച് ആകുലപ്പെടാതെ ജോലികളിൽ പൂർണ്ണമായി ശ്രദ്ധ കേന്ദ്രീകരിക്കാൻ രക്ഷിതാക്കൾക്ക് സാധിക്കുന്നതിനാൽ ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നു.
- തൊഴിലെടുക്കുന്ന രക്ഷിതാക്കളുടെ കുട്ടികൾക്ക് മികച്ച പോഷകാഹാരം, പ്രാരംഭകാല വിദ്യാഭ്യാസം (**Early Childhood Education**), ആരോഗ്യപരിപാലനം എന്നിവ ലഭിക്കുന്നു.
- സ്ത്രീകൾക്ക് ജോലികളിൽ തുടരാൻ സാധിക്കുന്നതിലൂടെ കുടുംബത്തിന്റെ വരുമാനം വർദ്ധിക്കുകയും സ്ത്രീ ശാക്തീകരണം സാധ്യമാവുകയും ചെയ്യുന്നു.

ഇൻഡസ്ട്രിയൽ പാർക്ക്, ഐ ടി പാർക്ക്, ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് മെറ്റേണിറ്റി ബെനഫിറ്റ് ആക്ട് ബാധകമാക്കുന്നതിനായി വിവിധ സ്ഥാപന മേധാവികളുമായി ചർച്ച നടത്തി 50 ന് മുകളിൽ തൊഴിലാളികൾ ഉള്ള എല്ലാ സ്ഥാപനങ്ങളിലും ഓഫീസുകളിലും മറ്റിടങ്ങളിലും ക്രഷുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

3) കെ.എസ്.ആർ.ടി.സി ടെർമിനലുകൾ/ഡിപ്പോകൾ മറ്റ് പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരിസ്ഥിതി സൗഹൃദ സാനിറ്ററി പാഡ് വെൻഡിംഗ് മെഷീനുകളും, പാഡ് ഇൻസിനേറ്ററുകളും സ്ഥാപിക്കൽ. യാത്രാവേളകളിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കുറഞ്ഞ നിരക്കിൽ സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കുന്നതിനും, ഉപയോഗത്തിനു ശേഷം പരിസ്ഥിതി സൗഹൃദമായി സംസ്കരിക്കുന്നതിനും ടി പദ്ധതി സഹായകമാവുന്നു. പദ്ധതിയുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 കെ..എസ്.ആർ.റ്റി.സി ബസ് ടെർമിനലുകളിൽ സാനിറ്ററി വെൻഡിംഗ് മെഷീനുകളും, ഇൻസിനേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

- സ്ത്രീകൾക്കും പെൺകുട്ടികൾക്കും പൊതുസ്ഥലങ്ങളിൽ ആവശ്യമായ സമയത്ത് സുരക്ഷിതവും ശുചിത്വപരവുമായ സാനിട്ടറി നാപ്കിനുകൾ ലഭ്യമാക്കാൻ സഹായിക്കുന്നു.
- ഉപയോഗിച്ച സാനിട്ടറി പാഡുകൾ സുരക്ഷിതമായി നശിപ്പിക്കുന്നതിലൂടെ ശാസ്ത്രീയമായ മാലിന്യ സംസ്കരണവും പരിസ്ഥിതി ശുചിത്വവും സാധ്യമാകുന്നു.
- ആർത്തവ ശുചിത്വക്കുറവ് മൂലം സ്ത്രീകൾക്കും പെൺകുട്ടികൾക്കും ഉണ്ടാകാനിടയുള്ള അണുബാധകളും മറ്റ് ആരോഗ്യപ്രശ്നങ്ങളും ഫലപ്രദമായി തടയുന്നു.
- പൊതുസ്ഥലങ്ങളിൽ വെൻഡിംഗ് മെഷീനുകൾ ലഭ്യമാകുന്നതിലൂടെ സ്ത്രീകൾക്ക് യാതൊരു സങ്കോചവുമില്ലാതെയും തടസ്സങ്ങളില്ലാതെയും പുറത്തിറങ്ങി നടക്കാനും ജോലി ചെയ്യാനും സാധിക്കുന്നു.
- ഇൻസിനറേറ്ററുകൾ വഴി പ്ലാസ്റ്റിക് മാലിന്യങ്ങൾ പരമാവധി ഒഴിവാക്കി ഹരിതചട്ടം പാലിച്ചുകൊണ്ടുള്ള മാലിന്യ സംസ്കരണ ശീലം സമൂഹത്തിൽ വളർത്തിയെടുക്കുന്നു.

4) സ്പെഷ്യൽ നീഡ്സ് ഹോം (നിർഭയ) പദ്ധതി :- പീഡനം നേരിട്ട , മാനസിക വെല്ലുവിളി നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും അവരുടെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ട് കൃത്യമായ രീതിയിലുള്ള വികസനം ഉറപ്പുവരുത്താൻ ഈ പദ്ധതി സഹായകമാകുന്നു.

5) ബാല്യസ്പന്ദനം പദ്ധതി :വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കി വരുന്ന പോഷൻ അഭിയാൻ പദ്ധതിയും ആരോഗ്യ കുടുംബക്ഷേമ വകുപ്പും സംയുക്തമായാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 02.09.2026-ന് നിർവ്വഹിച്ചു. അങ്കണവാടി പ്രീ-സ്കൂൾ കുട്ടികളിലെ ആരോഗ്യ /വളർച്ചാ പ്രശ്നങ്ങൾ തുടക്കത്തിൽ തന്നെ കണ്ടെത്തി പരിഹരിക്കാനും കുട്ടികളിൽ ആരോഗ്യവും വളർച്ചയും ഉറപ്പാക്കാനുമായി മൂന്ന് മാസത്തിലൊരിക്കൽ കൃത്യമായി നടത്തപ്പെടുന്നതാണ് ബാല്യസ്പന്ദനം പദ്ധതി. ഇതിന്റെ മുന്നോടിയായി ബന്ധപ്പെട്ട ആരോഗ്യവകുപ്പ് അധികാരികളുമായി ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ യോഗം ചേർന്ന് ക്രമീകരണങ്ങൾ ഒരുക്കുകയും കേരളത്തിലെ 33,120 അങ്കണവാടി പ്രീ-സ്കൂൾ കുട്ടികളുടെയും ആരോഗ്യ പരിശോധന ആരോഗ്യവകുപ്പ് നിയോഗിച്ച സബ് സെന്റർ തലത്തിലുള്ള JPHN, JHI, MLSP എന്നിവരടങ്ങിയ ടീം അങ്കണവാടികളിൽ വെച്ച് പരിശോധന നടത്തിവരികയും ചെയ്യുന്നു. സെപ്റ്റംബർ 2 മുതൽ ആരംഭിച്ച് 30 വരെ തീയതിക്കുള്ളിൽ ഈ വർഷത്തെ ആദ്യത്തെ ആരോഗ്യപരിശോധന പൂർത്തീകരിച്ചു. തുടർന്ന് 3 മാസത്തിൽ ഒരിക്കൽ വീതം വർഷത്തിൽ 4 പ്രാവശ്യമാണ് പദ്ധതിയുടെ നടത്തിപ്പ്.

എല്ലാ അങ്കണവാടി പ്രീ-സ്കൂൾ കുട്ടികളെയും ആരോഗ്യ പരിശോധനയ്ക്ക് രക്ഷിതാക്കളുടെ അറിവോടെയും സഹകരണത്തോടെയും പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിച്ചത് വഴി രക്ഷിതാക്കളുടെ പങ്കാളിത്തവും അറിവും വർദ്ധിപ്പിക്കാൻ സാധിച്ചു. ആദ്യ

ഘട്ടത്തിൽ ആരോഗ്യ പരിശോധനയിൽ പങ്കെടുക്കുന്ന കുട്ടികളുടെ പരിശോധന റിപ്പോർട്ട് ഹെൽത്ത് കാർഡ് ആയി കൃത്യമായി രേഖപ്പെടുത്തി അങ്കണവാടികളിൽ സൂക്ഷിക്കുന്നു പരിശോധനയ്ക്കായി എത്തുന്ന ഓരോ കുട്ടിയുടെയും ആരോഗ്യ പരിശോധന വിവരങ്ങൾ പൂരിപ്പിക്കാൻ ഹെൽത്ത് കാർഡ് നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഓരോ കുട്ടിയുടെയും വിവരങ്ങൾ, ജനറൽ ഹെൽത്ത് വിവരങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ നിലവിൽ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങൾ, ഇമ്മ്യൂണൈസേഷൻ വിവരങ്ങൾ, വളർച്ചാ നിരീക്ഷണ വിവരങ്ങൾ, അനീമിയ നിർണ്ണയം, മറ്റ് അസുഖങ്ങൾ, കാഴ്ച, കേൾവി, മൂക്ക്, സംസാരം തുടങ്ങി എന്തെങ്കിലും തരത്തിലുള്ള പ്രശ്നങ്ങളുടെ സ്ക്രീനിങ് എന്നിവയും അതോടൊപ്പം റഫർ ചെയ്യേണ്ടവ കണ്ടെത്താനും നടപടി എടുക്കുന്നു. കൂടാതെ അടുത്ത ഘട്ട പരിശോധനയ്ക്കായി ഹെൽത്ത് കാർഡ് ഡിജിറ്റലായി മാറ്റുന്നതിനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതുവഴി പദ്ധതിയുടെ മോണിറ്ററിങ് സാധ്യമാകുന്നു.

6) തിരുവനന്തപുരം ജില്ലയിലെ ചിൽഡ്രൻസ് ഹോമുകളിലേയും തീരദേശങ്ങളിലേയും കുട്ടികൾക്കായി അഭിരുചി പരിശോധന ക്യാമ്പ് - കുട്ടികളിലെ അഭിരുചി പരിശോധനയിൽ ആദ്യപടിയായി തിരുവനന്തപുരം ജില്ലയിലെ ശിശുപരിചരണ സ്ഥാപനങ്ങളിലെ 8 മുതൽ പ്ലസ് 2 വരെ പഠിക്കുന്ന കുട്ടികളിലെ സ്വാഭാവികമായ കഴിവുകൾ, ചിന്താശേഷി, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള കഴിവ് എന്നിവ മനസ്സിലാക്കി പ്രാവീണ്യമുള്ള മേഖലകളിലേയ്ക്ക് വഴിതെളിക്കുന്നതിനായാണ് അഭിരുചി പരിശോധന ക്യാമ്പ് സംഘടിപ്പിച്ചത്. 300 കുട്ടികളിൽ പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്.

7) സംസ്ഥാന ശിശുക്ഷേമ സമിതി ആസ്ഥാന മന്ദിരത്തിന്റെ നവീകരണം- തിരുവനന്തപുരം തൈക്കാട് പ്രവർത്തിക്കുന്ന കേരള സംസ്ഥാന ശിശു ക്ഷേമ സമിതിയുടെ 50 വർഷത്തിലധികം പഴക്കമുള്ള ആസ്ഥാന മന്ദിരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 2025 മാർച്ച് മാസം മുതലാണ് നവീകരണ പ്രവർത്തനം ആരംഭിച്ചത്. ദത്തെടുക്കൽ കേന്ദ്രത്തിലെ ആറു വയസ്സു വരെയുള്ള നൂറോളം വരുന്ന കുട്ടികൾക്ക് അവരുടെ പ്രായത്തിനനുസരിച്ചും താൽപ്പര്യത്തിനനുസരിച്ചും പാർപ്പിക്കുന്നതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാകും വിധം അത്യാധുനിക രീതിയിലാണ് കെട്ടിട നവീകരണം നടത്തിയിട്ടുള്ളത്. നിലവിൽ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനത്തിനായി തയ്യാറായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ